## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3101** 07-02-2018 **ൽ മറുപടിക്ക്**

**പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടപടി**

**ചോദ്യം**

ശ്രീ.കെ. ബാബു

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവയാണ് തീർപ്പാക്കിയിട്ടുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയാണ് തീർപ്പാക്കിയിട്ടുള്ളതെന്നതിന്റെ എല്ലാ ജില്ലകളിലെയും കണക്ക് ലഭ്യമായിട്ടില്ല. ജില്ല തിരിച്ച് ലഭ്യമായിട്ടുള്ള കണക്ക് ചുവടെ ചേർക്കുന്നു. മറ്റ് ജില്ലകളിലെ കണക്ക് ഉടൻ ലഭ്യമാക്കുന്നതാണ്.

| **ക്രമ നം.** | **ജില്ല** | **ഏത് വർഷം വരെയുള്ള അപേക്ഷ തീർപ്പാക്കിയിട്ടുള്ളതെന്ന കണക്ക്** |
|---|---|---|
| 1 | തിരുവനന്തപുരം | 2015 വരെയുള്ളത് |
| 2 | കൊല്ലം | കൊല്ലം താലൂക്ക്-2016 വരെ കരുനാഗപ്പള്ളി താലൂക്ക് - 2015 കൊട്ടാരക്കര താലൂക്ക് - 2017 (കോടതി കേസുകളും മറ്റ് വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കേണ്ടത് ഒഴികെ) |
| 3 | ആലപ്പുഴ | പതിവു ചട്ടപ്രകാരമുള്ള നടപടി പൂർത്തിയായിട്ടുള്ള അപേക്ഷകളിൽ 2017 വരെയുള്ളത് |
| 4 | കോഴിക്കോട് | പതിവുചട്ടപ്രകാരമുള്ള നടപടി പൂർത്തിയായിട്ടുള്ള അപേക്ഷകളിൽ 2016 വരെയുള്ളത്. |
| 5 | വയനാട് | മാനന്തവാടി ലാന്റ് ട്രിബ്യൂണലിൽ 2006 വരെയുള്ളതും കൽപ്പറ്റ ലാന്റ് ട്രിബ്യൂണലിൽ 2005 വരെയുള്ള എല്ലാ അപേക്ഷകളിലും |
| 6 | കാസറഗോഡ് | 2016 വരെയുള്ള അർഹതയുള്ള എല്ലാ കേസുകളിലും തീർപ്പ കൽപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ എത്ര തവണ ഹിയറിംഗ് നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നും നടപടികൾ പൂർത്തീകരിച്ച് എത്ര വർഷം കഴിഞ്ഞാണ് ബന്ധപ്പെട്ട വ്യക്തികൾക്ക് പട്ടയം നൽകുന്നത് എന്നും വിശദമാക്കുമോ; | (ബി) | പട്ടയം നൽകുന്നതിന് ഹിയറിംഗ് നടത്തണമെന്ന് കേരള ഭൂമി പതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ല. പതിവിനെതിരെ ആരെങ്കിലും രേഖാമൂലം ആക്ഷേപം ഉന്നയിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ഹിയറിംഗ് ആവശ്യമായി വരുന്നത്. ഭൂമിപതിവ് ചട്ടപ്രകാരമുള്ള നടപടി പൂർത്തിയാകുന്ന കേസുകളിൽ ഉടൻ തന്നെ പട്ടയം അനുവദിക്കുന്നു. |
| (സി) | വിവിധ ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (സി) | നിലവിൽ വില്ലേജുകളിൽ ഭൂരിഭാഗം അപേക്ഷകളും സ്വീകരിക്കുന്നത് ഓൺലൈനായിട്ടാണ്. അതുകൊണ്ട് അവ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നു. കൂടാതെ ജില്ലാ കളക്ടർ എല്ലാ താലൂക്കുകളിലും പൊതുജന പരാതി പരിഹാര അദാലത്ത് നടത്തി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**